**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2811** **03-08-2021 - ൽ മറുപടിയ്ക്ക്**

**കോഴ്സുകളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗവേഷണ കോഴ്സുകളുടെ ആധുനികവൽക്കരണത്തിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | ആധുനികവൽക്കരണത്തിന് സ്വീകരി ക്കുന്ന നടപടികൾ താഴെപ്പറയുന്നവ യാണ്. 1. ഗവേഷണ കോഴ്സുകളായ എം.ഫിൽ/പി.എച്ച്.ഡി എന്നിവ സംബന്ധിച്ചുള്ള അക്കാദമികവും മറ്റുമായ കാര്യങ്ങൾ UGC (Minimum standards and procedure for Award of M.Phil/P.hD. Degrees) Regulations 2016 ന് അനുസൃതമായി നടത്തിവരുന്നു. 2. സംസ്ഥാനത്തെ സർവ്വകലാ ശാലകളിലെ ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച ഡോ. ജെ. രാജൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി ശുപാർശകൾ നൽകിയിട്ടുണ്ട്. 3. കേരളത്തിലെ എഞ്ചിനീ യറിംഗ് കോളേജുകളിൽ പലതരത്തിലുള്ള ഗവേഷണ ങ്ങൾ പഠനത്തിന്റെ ഭാഗമായി നടത്തിവരുന്നു. കൂടാതെ Research Initiative proposals എല്ലാ വർഷവും ക്ഷണിക്കാറുണ്ട് കോളേജുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ വിദഗ്ദ സമിതിയെ വച്ച് വിലയിരുത്തി അവ പ്രായോഗികമായി നടപ്പിലാക്കാൻ പറ്റുന്ന പദ്ധതികളെ കണ്ടെത്തി അവയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളും ഫണ്ടും വകുപ്പിൽ നിന്നും നൽകി വരുന്നു. 4. ഇന്ററാക്ഷൻ വിത്ത് എമിനന്റ് സ്കോളർ എന്ന പദ്ധതി കേരള സർവ്വകലാശാല ഐ.ക്യൂ.എ. സി നടപ്പിലാക്കിവരുന്നു. 5. മഹാത്മാഗാന്ധി സർവ്വകലാ ശാല റിസർച്ച് സംബന്ധമായി എല്ലാ കാര്യങ്ങളും ഏകജാലക സംവിധാനത്തിൽ ഉൾപ്പെടുത്തു ന്നതിന്റെ ഭാഗമായി സർവ്വ കലാശാലയിൽ ഒരു സമഗ്ര റിസർച്ച് പോർട്ടൽ തയ്യാറായി വരുന്നു. 6. കാലിക്കറ്റ് സർവ്വകലാശാല ഡയറക്ടറേറ്റ് ഓഫ് റിസർച്ചിലെ പ്രവർത്തനങ്ങ ളെല്ലാം ഡിജിറ്റൽ രൂപത്തിൽ ആക്കുവാനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നു. കൂടാതെ ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തുന്നു. ഗവേഷണ കേന്ദ്രങ്ങൾക്ക് ഭൗതികവും അക്കാദമികവുമായ സൗകര്യങ്ങൾ ഉറപ്പുവരുത്തു കയും ഇന്റർഡിസിപ്ലിനറി വിഷയങ്ങളിൽ ഗവേഷണം അനുവദിച്ചുവരികയും ചെയ്യുന്നു. കാലിക്കറ്റ് സർവ്വകലാശാല അധ്യാപകർക്ക് റിസർച്ച് പ്രോജക്ടുകൾ നടത്തുന്നതി നായി കാലിക്കറ്റ് സർവ്വകലാ ശാല 'സീഡ് മണി' പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാന വികസനവുമായി ബന്ധപ്പെട്ട് പുതുതലമുറ കോഴ്സുകളും സ്കോളർഷിപ്പുകളും സ്മാർട്ട് ക്ലാസ്റൂമുകളും ഏർപ്പെടുത്തുന്നതിനും പാഠ്യവിഷയങ്ങളും പാഠ്യപദ്ധതിയും പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ? | (ബി) | 1. കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിലെ അഫിലിയേറ്റഡ് കോളേജുകളിലും, കാലിക്കറ്റ്, എം.ജി, കുസാറ്റ്, കേരള, കണ്ണൂർ, സംസ്കൃത, മലയാളം സർവ്വകലാശാല എന്നിവയിൽ New Generation Inter Disciplinary സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ 2021 Academic വർഷം ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ പഠന പ്രക്രിയയ്ക്ക് സഹായകരമാകുന്ന രീതിയിൽ നേരത്തെതന്നെ ഉപയോഗിച്ചുവരുന്നു. മിക്ക സ്ഥാപനങ്ങളിലും ഡിജിറ്റൽ ക്ലാസ് മുറികൾ സ്ഥാപിച്ചു. പഠന സൗകര്യങ്ങൾക്കൊപ്പം ലൈബ്രറിയും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇ-ബുക്കുകൾ, ഇ-ജേർണലുകൾ എന്നിവ സ്ഥാപനങ്ങളിൽ ലഭ്യമാക്കി യിട്ടുണ്ട്. 3. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ ഘട്ടം ഘട്ടമായി സ്മാർട്ട് ക്ലാസ് മുറികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട് കൂടാതെ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 16 ഇനം സ്കോളർഷിപ്പുകൾ അനുവദിച്ചുവരുന്നു. 4. കേരള സർവ്വകലാശാലയിൽ എല്ലാ പഠന വകുപ്പുകളിലും തിയറ്റർ ക്ലാസ്സ്റൂം സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. 5. മഹാത്മാഗാന്ധി സർവ്വകലാ ശാല ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എം.ഫിൽ, പി.എച്ച്.ഡി പി.ഡി.എഫ് ഗവേഷകർക്കായി എം.ഫിൽ ഫെലോഷിപ്പ്, യൂണിവേഴ്സിറ്റി ജൂനിയർ റിസർച്ച് ഫെലോഷിപ്പ്, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് എന്നീ ഫെലോഷിപ്പുകൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ